"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റി യുടെ കീഴിലുള്ള ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ അക്കൗണ്ട്സ് അസിസ്റ്റന്റ് ആയി ശ്രീ. ഗോകുൽ എ ശങ്കറിനെയും ഡി.റ്റി.പി. ഓപ്പറേറ്റർ ആയി ശ്രീ.ജയജിത്തിനേയും കരാർ അടിസ്ഥാനത്തിൽ ഒരു വർഷത്തേക്ക് നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയം ഭരണ (ഐ.ബി) വകുപ്പ്

G.O.(Rt) No.1137/2020/LSGD തീയതി,തിരുവനന്തപുരം, 14/06/2020

പരാമർശം:- 1 09.07.2019-ലെ സ.ഉ.(അച്ചടി) .81/2019/ധന.

2 ക്രൂസ് സെക്രട്ടറിയുടെ 20.08.2019-ലെ എ/378/2019 നമ്പർ കത്ത്.

**ഉത്തരവ്**

കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റി (ക്രൂസ്)-യുടെ യൂണിറ്റായ ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ അക്കൗണ്ട്സ് അസിസ്റ്റന്റ്, ഡി.റ്റി.പി. ഓപ്പറേറ്റർ തസ്തികകളിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്നവരെ ഒഴിവാക്കിയതിനെ തുടർന്ന് ടി ജോലികൾ നിർവ്വഹിക്കുന്നതിനായി പകരം ജീവനക്കാരെ നിയമിക്കുന്നതിന് പത്രപ്പരസ്യം നല്കി അപേക്ഷ ക്ഷണിക്കുകയും തുടർന്ന് അഭിമുഖം നടത്തി സെലക്ഷൻ പട്ടിക തയ്യാറാക്കുകയും ആയത് 10/07/2019-ൽ ചേർന്ന ക്രൂസ് ഡയറക്ടർ ബോർഡ് അംഗീകരിക്കുകയും ചെയ്തതായി ക്രൂസ് സെക്രട്ടറി പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പരാമർശം (1) ഉത്തരവ പ്രകാരം കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമായതിനാൽ താഴെപ്പറയുന്ന ആദ്യ റാങ്കുകാരെ പ്രതിമാസം 15,000/- രൂപ വേതനത്തിൽ കരാർ അടിസ്ഥാനത്തിൽ ഒരു വർഷത്തേക്ക് നിയമിക്കുന്നതിന് അനുമതി നല്കണമെന്നും ക്രൂസ് സെക്രട്ടറി അഭ്യർത്ഥിച്ചിട്ടുണ്ട്.

| ക്രമ നം. | പേരും വിലാസവും | തസ്തിക |
|---|---|---|
| 1 | ശ്രീ. ഗോകുൽ എ ശങ്കർ,<br>ഗോകുലം, എസ്.എൻ.ആർ.എ. സി-19,<br>വെഞ്ചവോട്,.ശ്രീകാര്യം പി.ഒ.,<br>തിരുവനന്തപുരം | അക്കൗണ്ട്സ് അസിസ്റ്റന്റ് |

| | | |
|---|---|---|
| 2 | ശ്രീ ജയജിത്ത്<br>ജയവിഹാർ, എടക്കിടം<br>എടക്കിടം പി.ഒ.,<br>എഴുകോൺ, കൊല്ലം | ഡി.റ്റി.പി. ഓപ്പറേറ്റർ |

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റി (ക്രൂസ്)-യുടെ യൂണിറ്റായ ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ അക്കൗണ്ട്സ് അസിസ്റ്റന്റ്, ഡി.റ്റി.പി. ഓപ്പറേറ്റർ തസ്തികകളിൽ യഥാക്രമം ശ്രീ. ഗോകുൽ എ ശങ്കർ, ശ്രീ.ജയജിത്ത് എന്നിവരെ പ്രതിമാസം 15,000/- രൂപ വേതനത്തിൽ കരാർ അടിസ്ഥാനത്തിൽ ഒരു വർഷത്തേക്ക് നിയമിക്കുന്നതിന്, പരാമർശം (1) ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി, അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MINI MOL D
JOINT SECRETARY

പകർപ്പ്

സെക്രട്ടറി, ക്രൂസ്, തിരുവനന്തപുരം.
മാനേജിങ് ഡയറക്ടർ, ക്രൂസ്, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്എസ് എ, ഇ&ആർഎസ് എ ,എ&ഇ),തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ,ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ്(വെബ് &ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.